## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1288

20.01.2014-ൽ
മറുപടിയ്ക്ക്

**ബി.റ്റി.ആർ.രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) റവന്യൂ വില്ലേജുകളിൽ നിലവിലുള്ള ബി.റ്റി.ആർ. രജിസ്റ്ററിൽ തിരുത്തൽ വരുത്തുവാൻ ആർക്കാണ് അധികാരമുള്ളത്; ബി.റ്റി.ആർ. രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിന് സർക്കാർ അംഗീകാരം നൽകുമോ; | എ) ബി) & സി) ബി.റ്റി.ആർ-ൽ തിരുത്തൽ വരുത്താൻ നിലവിലെ നിയമപ്രകാരം ആരെയും അധികാരപ്പെടുത്തിയിട്ടില്ല |
| ബി) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വസ്തുവിവരം ബി.റ്റി.ആറിൽ നിലംനികത്തൽ പുരയിടം എന്നത് പുരയിടമായി മാറ്റുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; | |
| സി) റവന്യൂ രേഖകളിൽ നിലം, പുരയിടം എന്നതു മാറ്റി നിലംനികത്തൽ പുരയിടം കൂടി ഉൾപ്പെടുത്തി പ്രസ്തുത ഭൂമിയിൽ വീടുപണിയുന്നതിന് അനുമതി നൽകുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | |
| (ഡി) നിലം നികത്തിയ തെങ്ങുകൃഷി പുരയിടങ്ങൾ ഇപ്പോഴും വില്ലേജ് രേഖകളിൽ നിലമായിത്തന്നെ കിടക്കുന്നത് മാറ്റി നൽകുന്നതിനായി നിയമനിർമ്മാണം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല |
| (ഇ) പുരയിടങ്ങളായി മാറിയിട്ടുള്ള നിലങ്ങളെ സംബന്ധിച്ച് വില്ലേജ് രേഖകളിൽ മാറ്റം വരുത്താത്തതുകാരണം സാധാരണക്കാരായ ആളുകൾക്ക് വീടുവെയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ബുദ്ധിമുട്ട് നേരിടുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നയപരമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ